"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്ക് മങ്കട വില്ലേജിലെ വെള്ളില യുകെ പടി എന്ന സ്ഥലത്ത് സംഭവിച്ച ഇടിമിന്നൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

G.O.(Rt)No.215/2026/DMD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:- 1. സ.ഉ(കൈ) നം. 343/2015/ഡിഎംഡി തീയതി 23.07.2015

2. സ.ഉ(കൈ) നം. 6/2023/ഡിഎംഡി തീയതി 18.06.2023

3. 13.05.2026 തീയതിയിൽ നടന്ന ചീഫ് സെക്രട്ടറിതല യോഗതീരുമാനം.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്ക് മങ്കട വില്ലേജിലെ വെള്ളില യുകെ പടി എന്ന സ്ഥലത്ത് സംഭവിച്ച ഇടിമിന്നൽ ദുരന്തബാധിതർക്ക് സഹായധനം അനുവദിക്കുന്നതിന് പരാമർശം(3) പ്രകാരം തീരുമാനിച്ചിരിക്കുന്നു.

2) ഇടിമിന്നൽ സംസ്ഥാന സവിശേഷ ദുരന്തമായി പരാമർശം (1) പ്രകാരം പ്രഖ്യാപിക്കുകയും ഇടിമിന്നലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കു സംസ്ഥാനദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും പരിക്കേറ്റവർക്ക് അവരുടെ പരിക്കിന്റെ തോത് അനുസരിച്ചും സഹായധനം അനുവദിക്കാവുന്നതാണെന്നു പരാമർശം (1),(2) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3)മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്ക് മങ്കട വില്ലേജിലെ വെള്ളില യുകെ പടി എന്ന സ്ഥലത്ത് സംഭവിച്ച ഇടിമിന്നൽ ദുരന്തത്തിൽ മരണപ്പെട്ട താഴെ പറയുന്ന 4 പേരുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള 4,00,000/- രൂപ(നാല് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിനായി 2245-02-111-99 Flood Exgratia to Bereaved Families എന്ന ശീർഷകത്തിൽ 16,00,000/- രൂപയും പരുക്കേറ്റവർക്ക് പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് 2245-02-800-96 Exgratia Payment for injured Persons എന്ന ശീർഷകത്തിൽ 10,00,000/- രൂപയും( പത്ത് ലക്ഷം രൂപ) മലപ്പുറം ജില്ലകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

<u>മരണപ്പെട്ടവർ</u>

1. റഹീസ്, S/o അലി, പുതുക്കുടി(H), വെള്ളില

2. ബഹാസ്, S/o സെയ്തലവി, കുരിമണ്ണിൽ പുത്തൻ വീട്ടിൽ(H), വെള്ളില
3. സിയാദ്, S/o അസീസ്, ആലിക്ക പറമ്പിൽ(H), വെള്ളില
4. ഫഹദ്, S/o നിസാർ,മലയിൽ(H), വെള്ളില

<u>പരിക്ക് പറ്റിയവർ</u>

1. റോഷൻ, S/o നിസാർ, മലയിൽ(H), വെള്ളില
2. ഇഷ്ഹാത്, S/o മുഷ്താഖ്, മലയിൽ(H), വെള്ളില
3. സൽമാനുൽ ഫാരിസ്, മലയിൽ(H), വെള്ളില

4)മേൽ തുക മലപ്പുറം ജില്ലാ കളക്ടർക്ക അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

5)സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം മാത്രം തുക അനുവദിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K BIJU I A S
SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യു
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, മലപ്പുറം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Vincent U
Date: 13-05-2026 18:20:00